നം.ഇ.എക്സ്.സി.ജനറൽ 1/39200/2020/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി: 04/09/2020

# സർക്കുലർ

വിഷയം:- പൊ.വി - എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി/ എസ്.എസ്.എൽ.സി. (എച്ച്.ഐ)/ടി.എച്ച്.എസ്.എൽ.സി.(എച്ച്.ഐ) പരീക്ഷ മാർച്ച് 2020 - സർട്ടിഫിക്കറ്റ് വിതരണം - സംബന്ധിച്ച്

സൂചന:- 31.10.2019- ലെ ഇതേ നമ്പർ പ്രകാരമുള്ള എസ്.എസ്.എൽ.സി. പരീക്ഷാ വിജ്ഞാപനം.

*********

2020 മാർച്ചിലെ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി/എസ്.എസ്.എൽ.സി. (എച്ച്.ഐ)/ ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷകളുടെ ഗ്രേഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി.കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെത്തിച്ചിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകൾക്ക് എത്രയും വേഗം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും സ്കൂളിന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെങ്കിൽ ടി വിവരം പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

ജില്ലാവിദ്യാഭ്യാസഓഫീസിൽ നിന്നും കൈപ്പറ്റുന്ന സർട്ടിഫികറ്റുകൾ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമായിട്ടുണ്ടെന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തുകയും ഏതെങ്കിലും വിദ്യാർത്ഥിയുടെ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതുമാണ്. <u>പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ, മറ്റു ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല</u>. ഇത്തരം സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തിരികെ നൽകി ശരിയായ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുമ്പ് പ്രഥമാദ്ധ്യാപകർ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എസ്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി വിദ്യാർഥിയുടെ കയ്യൊപ്പ് വാങ്ങേണ്ടതാണ്. <u>കാർഡിലെ ഫോട്ടോയുടെ താഴെയായി സ്കൂൾ മേധാവി</u>

(മറുപുറം)

<u>കറുത്ത മഷിയിൽ ഒപ്പിട്ടശേഷം</u> പേരും, ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്രകൂടി പതിച്ച് വേണം കാർഡുകൾ കോവിഡ് മാനദണ്ഡം പാലിച്ച് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം iExams ൽ HM Login -ലെ"Certificate issue"എന്ന ലിങ്കിലൂടെ രേഖപ്പെടുത്തേണ്ടതാണ്.

**<u>എസ്.എസ്.എൽ.സി കാർഡുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കുവാനോ പാടുള്ളതല്ല. ടി വിവരം എല്ലാ പ്രഥമാദ്ധ്യാപകരും സർട്ടിഫിക്കറ്റ് വിതരണംചെയ്യുന്ന സമയത്ത് തന്നെ വിദ്യാർത്ഥികളെ അറിയിക്കുവാൻ നോട്ടീസ് പതിക്കേണ്ടതാണ്.</u>**

പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും, സീലും ഇല്ലാത്തതും പ്രിന്റ് തെളിയാത്തതും മറ്റ് ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നതുമായ എസ്.എസ്.എൽ.സി കാർഡുകൾ സ്കൂളുകളിൽ നിന്നും ശേഖരിച്ച് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിലെത്തിച്ച് പുതിയ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. ഇത്തരത്തിൽ പരീക്ഷാ ഭവനിലേക്ക് തിരിച്ചു നൽകുന്ന സർട്ടിഫിക്കറ്റ് 'Return to Pareeksha Bhavan' എന്ന രീതിയിൽ 'Certificate Issue' മെനുവിൽ രേഖപ്പെടുത്തണം. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള ഏതെങ്കിലും സ്കൂളിലെ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിലും സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റുകൾ മാറ്റിയെടുക്കുന്നതിനോ ലഭിക്കാത്ത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിനോ സ്കൂൾ അധികൃതരോ രക്ഷകർത്താക്കളോ പരീക്ഷാഭവനിൽ നേരിട്ടെത്തേണ്ടതില്ല.

(ഒപ്പ്)

**ജോയിന്റ് കമ്മീഷണർ**

സ്വീകർത്താവ്

1. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

കെ.ആർ/-